## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 760** — **27/04/2017 ൽ മറുപടിയ്ക്ക്**

## അടഞ്ഞു കിടക്കുന്നകശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിനുള്ള നടപടി

**ചോദ്യം**
**ശ്രീ.ആർ.രാമചന്ദ്രൻ**

**ഉത്തരം**
**ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ**
**( മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)**

| | |
|---|---|
| (എ) സംസ്ഥാനത്തെ അടഞ്ഞു കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടത്തിയ നിരന്തര ഇടപെടലുകളിലൂടെയും വിവിധ ഗവൺമെന്റ് ഉത്തരവുകൾ വഴി ടെണ്ടർ കണ്ടീഷനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി താല്ക്കാലികമായി കൂടുതൽ വ്യാപാരികൾ ടെന്ററിൽ പങ്കെടുക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിച്ചതു വഴി തോട്ടണ്ടി ലഭ്യമാക്കി കോർപ്പറേഷൻ ഫാക്ടറികൾ 17/08/2016 തീയതി മുതൽ തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. കൂടാതെ തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കേരളത്തിൽ ഉല്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റേയും പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിന്റേയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർഗോഡ് ജില്ലയിലെ കാസർഗോഡ്, രാജപുരം,ചീമേനി, കണ്ണൂർ ജില്ലയിലെ നാട്ടുകാണി എന്നീ എസ്റ്റേറ്റുകൾ, റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (RPL), സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ (SFCK),കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി |

| | | | |
|---|---|---|---|
| | | | സംഭരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സും സംയുക്തമായി ഏറ്റെടുത്തിട്ടുണ്ട്. കണ്ണൂർ,കാസർഗോഡ് ജില്ലകളിൽ നിന്നു മാത്രം ഇതിനകം 550 മെട്രിക് ടൺ തോട്ടണ്ടി കോർപ്പറേഷനും കാപെക്സിനും ലഭിച്ചിട്ടുണ്ട്. ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന കശുവണ്ടി പരമാവധി സംഭരിച്ച് തൊഴിലാളികൾക്ക് ജോലി നൽകുന്നതിനുള്ള ശ്രമങ്ങളാണ് നടത്തി വരുന്നത്. കൂടാതെ വിദേശ രാജ്യങ്ങളിൽ നിന്നും ഇ-ടെണ്ടർ മുഖേന തോട്ടണ്ടി ഇറക്കുമതി ചെയ്ത് തൊഴിലാളികൾക്ക് പരമാവധി തൊഴിൽ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. കൂടാതെ ചെറുകിട കർഷകരിൽ നിന്നും സംഭരിക്കുന്ന തോട്ടണ്ടിക്ക് വില നിശ്ചയിക്കുന്നതിന് 30/01/2017 ൽ സ.ഉ.(കൈയ്യെഴുത്ത്) നം.07/2017/വ്യവ പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് ചെയർമാനായും പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ് ,പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് , ധനകാര്യ വകുപ്പ് പ്രതിനിധി,ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ അതാതു ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടർ, ബന്ധപ്പെട്ട ജില്ലാ കളക്ടർ, കശുവണ്ടി വികസന കോർപ്പറേഷന്റേയും , കാപെക്സിന്റേയും മാനേജിംഗ് ഡയറക്ടർമാർ എന്നിവർ അംഗങ്ങളായിട്ടുള്ള ഒരു വില നിർണ്ണയ സമിതി രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. |
| (ബി) | പൊതുമേഖലയിലെ ഫാക്ടറികൾ പ്രവർത്തിക്കുന്നതിനാവശ്യമായ കശുവണ്ടി ശേഖരിച്ചു കഴിഞ്ഞിട്ടുണ്ടോ; എത്ര മെട്രിക് ടൺ തോട്ടണ്ടി ശേഖരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | തോട്ടണ്ടി സംഭരണം 2017 ജൂലൈ മാസത്തോടു കൂടി മാത്രമേ പൂർത്തിയാവുകയുള്ളു. കാസർഗോഡ് പ്ലാന്റേഷൻ കോർപ്പറേഷൻ എസ്റ്റേറ്റുകളിൽ നിന്നും ഏകദേശം 280 മെട്രിക് ടൺ തോട്ടണ്ടിയും ആറളം ഫാമിൽ നിന്നും 230 മെട്രിക് ടൺ തോട്ടണ്ടിയും കൊല്ലം ജില്ലയിലെ വിവിധ കൃഷി ഫാമുകളിൽ നിന്നും 40 മെട്രിക് ടൺ തോട്ടണ്ടിയും |

| | |
|---|---|
| | ഉൾപ്പെടെ ഏകദേശം 550 മെട്രിക് ടൺ തോട്ടണ്ടി ഇതിനകം ശേഖരിച്ചിട്ടുണ്ട്. |
| (സി) സ്വകാര്യ മേഖലയിലെ കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിന് ബഡ്ജറ്റിൽ എത്ര തുക നീക്കി വച്ചിട്ടുണ്ടെന്നും അവ എപ്രകാരം വിനിയോഗിക്കുമെന്നും വിശദീകരിക്കുമോ ? | (സി) തോട്ടണ്ടി ലഭ്യമാക്കി സ്വകാര്യ മേഖലയിലെ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് സാഹചര്യമൊരുക്കുന്നതിനായി 20 കോടി രൂപ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ബജറ്റ് പ്രഖ്യാപനം ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിന് IRC ചേർന്ന് വിശദാംശങ്ങൾ ചർച്ച ചെയ്ത് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ